**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2497** **15-10-2024 - ൽ മറുപടിയ്ക്ക്**

**എടരിക്കോട് ടെക്സ്റ്റൈൽസ് വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ അടച്ചുപൂട്ടിയ എടരിക്കോട് ടെക്സ്റ്റൈൽസ് വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | എടരിക്കോട് ടെക്സ്റ്റൈൽസ് തുടർച്ചയായ പ്രവർത്തനമൂലധന ശോഷണത്താലുണ്ടായ കനത്ത നഷ്ടത്താൽ വൈദ്യുതി ചാർജ് അടയ്ക്കാൻ സാധിക്കാതെ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ട് 2023 ഡിസംബർ മുതൽ ലേ ഓഫിലാണ്. നിലവിലെ കാലപ്പഴക്കമുള്ള മെഷീനുകൾ ഉയർന്ന ഉൽപ്പാദന ചെലവിന് കാരണമാകുന്നതിനാൽ, മിൽ നേരിടുന്ന മൂലധനശോഷണം പരിഹരിക്കുന്നതിന് ഓപ്പൺ എൻഡ് സ്പിന്നിംഗ് പോലെയുള്ള മറ്റു രീതികൾ നടപ്പാക്കിക്കൊണ്ട് മിൽ തുറന്നു പ്രവർത്തിപ്പിക്കാൻ സാധിക്കുമോ എന്നു പരിശോധിച്ചു വരുന്നു. |
| (ബി) | ഈ സ്ഥാപനത്തിലെ ജീവനക്കാർക്കുള്ള ശമ്പളവും ആനുകൂല്യങ്ങളും മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവർത്തന മൂലധന ശോഷണത്തിലുണ്ടായ കനത്ത നഷ്ടത്താൽ, എടരിക്കോട് ടെക്സ്റ്റൈൽസിന് നിലവിൽ ഏകദേശം 23.24 കോടിയോളം രൂപ വിവിധ ഇനങ്ങളിലായി കുടിശ്ശികയുണ്ട്. 115 ജീവനക്കാർക്കായി ആകെ 366.34 ലക്ഷം രൂപ ഗ്രാറ്റുവിറ്റി ഇനത്തിലും 649.85 ലക്ഷം രൂപ പി.എഫ് ഇനത്തിലും, 91.30 ലക്ഷം രൂപ ഇ.എസ്.ഐ ഇനത്തിലും 225 ലക്ഷം രൂപ ശമ്പള – വേതന ഇനത്തിലും 892.62 ലക്ഷം രൂപ വൈദ്യുത ചാർജ് ഇനത്തിലും 98.92 ലക്ഷം രൂപ അസംസ്കൃത വസ്തുക്കൾ വാങ്ങിയ ഇനത്തിലും കുടിശികയുണ്ട്. |
| (സി) | ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ? | (സി) | ഫെബ്രുവരി-2023 മുതൽ ആറു മാസത്തോളം ലേ ഓഫിലായിരുന്ന സ്ഥാപനം സർക്കാരിന്റെ സഹായത്തിനാൽ 2023 സെപ്റ്റംബറിൽ പ്രവർത്തനം പുനരാരംഭിച്ചുവെങ്കിലും പ്രതിസന്ധിയെ തുടർന്ന് 2023 ഡിസംബർ മുതൽ വീണ്ടും ലേ-ഓഫിലാണ്.<br><br>2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപറേഷൻ മുഖാന്തരം 2023 ഫെബ്രുവരി, 2023 |

| | | | |
|---|---|---|---|
| | | | സെപ്റ്റംബർ മുതൽ 2023 ഡിസംബർ വരെയുള്ള മാസങ്ങളിലെ ശമ്പള കുടിശിക, ഓണത്തോടനുബന്ധിച്ച് ബോണസ്, അറ്റന്റൻസ് ഇൻസെന്റീവ് എന്നിവ ജീവനക്കാർക്ക് നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ